ഇസ്‌ലാമിക ഗാനം

# ഇബ്റാഹീം വിളിക്കുന്നു

ശാഹിന തറയിൽ

ഇബ്റാഹീം നബിയോരെ വിളികേട്ടുവോ
ഹാജറാവിൻ കരളുരുകും വ്യഥകണ്ടുവോ
പൂമൈതലിസ്മാഈൽ തൻ പുണ്യപാദങ്ങളിൽ
അലതല്ലും സംസത്തിൽ കുളിരേകിയോ
(ഇബ്റാഹീം.....)

മരുഭൂമണൽക്കാട്ടിൽ മറ്റാരും കൂട്ടില്ലാ
വിട്ടുപിരിഞ്ഞു പ്രിയ ഹാജറായെ
സ്രഷ്ടാവിൻ കൽപനക്കുത്തരമേകുവാൻ
കൂടെ തനിച്ചാക്കി പൊൻമകനെ

ഇരുകരം നീട്ടി ഇറയോന്റെ കനിവിനായ്
മനമുരുകി കേണു ഖലീലുല്ലാഹി
(ഇബ്റാഹീം.....)

പൊള്ളും മണലിൽ തൻ കനിയെ കിടത്തി
സഹനം പെരുത്തുള്ളൊരാജറാബി
സഫാമർവാ മലകളുടെയിടയിൽ കിതച്ചോടി
കുടിനീരിനായി അലഞ്ഞൂബീവി

ഉടനെ ഉറപൊട്ടി റബ്ബിന്റെ കാരുണ്യം
കുഞ്ഞിളം പൈതലിൻ കാൽചുവട്ടിൽ
(ഇബ്റാഹീം.....)